**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം 233 — 19.12.2012 ൽ മറുപടിക്ക്

**കൺവെൻഷൻ ടൂറിസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൺവെൻഷൻ ടൂറിസം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>സി) ഇതിന്റെ പ്രവർത്തനരീതിയും ഇത് നടത്തുന്നതിനുള്ള ഗ്രൂപ്പുകളെ എപ്രകാരമാണ് തിരഞ്ഞെടുക്കുന്നതെന്നും വ്യക്തമാക്കുമോ: വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) ബി) & സി) സംസ്ഥാന ടൂറിസത്തിന്റെ വിപണന തന്ത്രത്തിന്റെ ഭാഗമായി MICE (Meeting Incentives Convention and Exhibition) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ശ്രമിച്ചു വരുന്നു. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിദേശ, സ്വദേശ ടൂറിസം ട്രേഡ് ഫെയറുകളിൽ പ്രചരിപ്പിക്കുന്നതിനായി പ്രത്യേക ബ്രോഷറുകൾ പുറത്തിറക്കുകയും MICE ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പരസ്യ പ്രചരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൺവെൻഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് പങ്കെടുക്കുന്ന വിവിധ അന്താരാഷ്ട്ര ഫെയറുകളിലും റോഡ് ഷോകളിലും കൺവെൻഷൻ സെന്ററുകൾ ലഭ്യമായ ഹോട്ടലുകളെയും റിസോർട്ടുകളെയും പങ്കെടുപ്പിച്ചു വരുന്നുമുണ്ട്.സ്ഥലസൗകര്യങ്ങളുടെ വർദ്ധനവ് കണക്കിലെടുത്ത് കേരളത്തെ ഒരു MICEമാർക്കറ്റായി ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. കേരളത്തെ MICE ബിസിനസ്സ് മേഖലയിൽ തീവ്രവിപണനം ചെയ്യുന്നതിനായി ടൂറിസം വ്യവസായത്തിന്റെ പങ്കാളിത്തത്തോടുകൂടി ഒരു കേരള കൺവെൻഷൻ പ്രമോഷൻ ബ്യൂറോ രൂപവത്കരിക്കുന്നതാണെന്ന് കേരള വിനോദസഞ്ചാര നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| ഡി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | ഡി) കൊച്ചി, തിരുവനന്തപുരം, കൊല്ലം, കുമരകം, വയനാട്, കോഴിക്കോട്, ബേക്കൽ തുടങ്ങിയുള്ള എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും മീറ്റിംഗുകളും കൺവെൻഷനുകളും നടത്തുന്നതിന് സൗകര്യമുള്ള ഹോട്ടലുകളും റിസോർട്ടുകളും ലഭ്യമാണ്. ചെറിയ ഗ്രൂപ്പുകൾക്ക് മീറ്റിംഗുകൾ നടത്തുവാൻ സൗകര്യമുള്ള ഹൗസ് ബോട്ടുകൾ ആലപ്പുഴ, കുമരകം , കൊല്ലം, തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ